**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **08/03/2012-ൽ മറുപടിക്ക്**
**ചോദ്യം നം : 850**

## നഗരങ്ങളെ നോക്കുകൂലി വിമുക്തമാക്കുവാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. എ.റ്റി. ജോർജ്<br>ശ്രീ. പി.എ. മാധവൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ നോക്കുകൂലിവിമുക്ത മാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ; | (എ) കേരള ചുമട്ടു തൊഴിലാളി ക്ഷേമ പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾ നോക്കുകൂലി വാങ്ങിയ തായി ശ്രദ്ധയിൽപ്പെട്ടാൽ 1983ലെ കേരള ചുമട്ടു തൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതിയിലെ 35-ാം ഖണ്ഡിക പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നു.<br>തൊഴിലാളികൾ നോക്കുകൂലി വാങ്ങിയ തായി ലേബർ ഓഫീസർക്ക് രേഖാമൂലം പരാതി ലഭിച്ചാൽ നോക്കുകൂലിയായി വാങ്ങിയ തുക തൊഴിലാളികളിൽ നിന്നും ഈടാക്കി തിരികെ നൽകുന്നതിന് നടപടികൾ കൈക്കൊള്ളുന്നതാണ്.<br>സംസ്ഥാനത്തെ നോക്കുകൂലി വിമുക്തമാക്കുന്നതിനായി, പ്രാരംഭഘട്ട മെന്ന നിലയിൽ തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽപ്പെടുന്ന പ്രദേശങ്ങൾ, കൊച്ചിൻ കോർപ്പറേഷൻ ഉൾപ്പെടെ എറണാകുളം ജില്ല എന്നിവിടങ്ങളിൽ പൊതുപണിക്കൂലി നിരക്ക് പ്രസിദ്ധപ്പെടുത്തുകയും ഈ |

| | | | |
|---|---|---|---|
| | | | പ്രദേശങ്ങളെ നോക്കുകൂലി വിമുക്തമായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ മറ്റു പ്രദേശങ്ങളും നോക്കുകൂലി വിമുക്തമാക്കുന്നതിനുള്ള നടപടികൾ കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് സ്വീകരിച്ചു വരികയാണ്. |
| (ബി) | എവിടെയൊക്കെയാണ് ഇത് നടപ്പിലാക്കിയിട്ടുള്ളത്;എല്ലാനഗരങ്ങളെയും നോക്കുകൂലി വിമുക്തമാക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ബി) | തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽപ്പെട്ട പ്രദേശങ്ങൾ, കൊച്ചിൻ കോർപ്പറേഷൻ ഉൾപ്പെടെ എറണാകുളം ജില്ല എന്നിവിടങ്ങളിൽ ഇതിനോടകം നോക്കുകൂലിവിമുക്ത പ്രദേശങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 5 നഗരസഭകളെ നോക്കുകൂലി വിമുക്തമാക്കുവാനുള്ള പ്രാരംഭ നടപടികൾ ഇതിനോടകം കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് സ്വീകരിച്ചു കഴിഞ്ഞു. സംസ്ഥാനമൊട്ടാകെ നോക്കുകൂലി വിമുക്തമാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ